LIBRARY ARCHIVES Kerala Legislative Assembly

കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക

184 (530) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട് ; എത്ര നാളത്തെ കുടിശ്ശിക തുകയാണ് നൽകാനുള്ളത് ;

(ബി) കരാറുകാർക്ക് സർക്കാർ നൽകുന്ന ചെക്കുകൾക്ക് ബാങ്കുകൾ ഡിസ്കൗണ്ട് നൽകുന്ന സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സമ്പ്രദായപ്രകാരം തുക മുൻകൂർ നൽകുന്ന ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഭരണ വകുപ്പുകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 30-11-2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) കരാറുകാരുടെ ബില്ലുകൾ മാറിനൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഈ കാലതാമസം ഒഴിവാകുന്നതിന് സർക്കാർ, ജി.ഒ.(പി) നമ്പർ 97/2015/ധന തീയതി 25-2-2015 എന്ന ഉത്തരവ് പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിരിക്കുന്നു. ഇത് പ്രകാരം കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം തുക ബാങ്ക് ഡിസ്കൗണ്ട് ചെയ്തതിനുശേഷം കരാറുകാർക്ക് ബാക്കി തുക നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 25% സർക്കാർ വഹിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നോട്ടെണ്ണൽ യന്ത്രങ്ങൾ വാങ്ങൽ

185 (531) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ സ്ഥാപനങ്ങൾ, ട്രഷറികൾ എന്നിവയ്ക്കായി എത്ര നോട്ടെണ്ണൽ യന്ത്രങ്ങൾ വാങ്ങി എന്ന് വ്യക്തമാക്കുമോ ;